12816
25/4/19

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം ജില്ല - റോഡപകടത്തിൽ പരിക്കേറ്റ തമിഴ് നാട് സ്വദേശിയായ ശ്രീ മാരിയപ്പന് ചികിത്സ നൽകിയതിന് ചെലവായ തുക കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **1983/2019/റവ.** തിരുവനന്തപുരം, തീയതി, 20.07.2019.

==========================================

പരാമർശം:- കൊല്ലം ജില്ലാ കളക്ടറുടെ 27.04.2019-ലെ എൻ7-72665/2018 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം താലൂക്കിലെ പാലത്തറ ജംഗ്ഷനിൽവച്ച് നടന്ന വാഹനാപകടത്തെ തുടർന്ന് തമിഴ് നാട് സ്വദേശികളായ 2 പേരെ കൊല്ലം ട്രാവൻകൂർ മെഡിക്കൽ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ച് ആവശ്യമായ ചികിത്സ നൽകുകയും അവരിൽ മാരിയപ്പൻ എന്നയാളുടെ നില അതീവ ഗുരുതരമായതിനാൽ ടിയാൾക്ക് അടിയന്തിര ശസ്ത്രക്രിയ നടത്തുകയും ചികിൽസാ ചെലവ് വഹിക്കാൻ കഴിയില്ല എന്ന് ടിയാന്റെ ഭാര്യ അറിയിച്ചിട്ടുള്ളതിനാൽ ചികിത്സക്ക് ചെലവാക്കിയ തുകയായ 51,795/- രൂപ ട്രാവൻകൂർ മെഡിക്കൽ കോളേജിന് അനുവദിക്കണമെന്ന് പരാമർശപ്രകാരം കൊല്ലം ജില്ലാകളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വാഹനാപകടത്തിൽ പരിക്കേറ്റ തമിഴ് നാട് സ്വദേശിയായ ശ്രീ. മാരിയപ്പന്റെ ചികിത്സക്കായി ചെലവായ 51,795/- രൂപ (അൻപത്തൊന്നായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റഞ്ച് രൂപ മാത്രം) കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് നൽകുന്നതിന് കൊല്ലം ജില്ലാകളക്ടറെ ചുമതലപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന 51,795/- രൂപ (അൻപത്തൊന്നായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റഞ്ച് രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, കൊല്ലം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.